വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഉദ്യോഗാർത്ഥികൾ ഹാജരാക്കി എന്നും അങ്ങ് പറഞ്ഞു. അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് ആവശ്യപ്പെടുന്ന പോലീസ് വെരിഫിക്കേഷൻ ഇപ്പോൾ നടക്കുന്നുണ്ടോ ? നടക്കുന്നില്ലെങ്കിൽ നിയമന തട്ടിപ്പിൽ ഈ റിപ്പോർട്ട് പരിഗണിച്ചിട്ടുണ്ടോ ? എങ്ങനെയാണ് ഉദ്യോഗാർത്ഥി പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് കൊണ്ടുവരുന്നത് ? ഏത് സാഹചര്യത്തിലാണ് വരുന്നത് ? ഉദ്യോഗാർത്ഥികളാണോ വെരിഫിക്കേഷൻ നടത്തുന്നത് ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ഇതു സംബന്ധിച്ചുള്ള കാര്യങ്ങളെല്ലാം വിശദമാക്കിക്കഴിഞ്ഞു. സാധാരണ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് പോലീസ് തന്നെയാണ് ഡിപ്പാർട്ടുമെന്റിനെ അറിയിക്കുന്നത്. ഈ തട്ടിപ്പുകളിൽ പലതരത്തിലുള്ള ആസൂത്രണങ്ങൾ ചെയ്തിട്ടുള്ളതിന്റെ കൂടെ ഇത്തരം ആസൂത്രണങ്ങളും അവർ ചെയ്തിട്ടുണ്ട്. അല്ലാതെ പോലീസ് റിപ്പോർട്ട് അയാൾ തന്നെ കൊണ്ടുവന്നിട്ടില്ല. പോലീസിന്റെ റിപ്പോർട്ട് പോലീസ് തന്നെ ആധികാരികമായി കൊടുക്കുകയാണ് പതിവ്. അത് നിങ്ങൾക്കെല്ലാം അറിയാവുന്ന കാര്യമാണ്. അത് ആഭ്യന്തര മന്ത്രി പ്രത്യേകം പറയണമെന്നില്ല.

മി. സ്പീക്കർ : ചോദ്യം നമ്പർ 3

ഉപഭോക്തൃ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നടപടി

3 (*3) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. പി. വിശ്വൻ :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഉപഭോക്തൃ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ലീഗൽ മെട്രോളജി വകുപ്പിനെ ആധുനികവത്ക്കരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) അളവുതൂക്ക കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് പ്രതിമാസം ശരാശരി എത്ര കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ടെന്ന വിവരം നൽകുമോ ;

(ഡി) ഉപഭോക്തൃ ബോധവത്ക്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ഇ) കൺസ്യൂമർ ഫോറങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ,

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉപഭോക്തൃ സംരക്ഷണത്തിനായി സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും 14 ജില്ലകളിലും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഉപഭോക്തൃ സംരക്ഷണ നടപടികൾ കാര്യക്ഷമമാക്കുന്നതിനായി സർക്കാർതലത്തിൽ ഒരു ഉപഭോക്തൃ കാര്യ വകുപ്പ് 2007 ജൂലൈയിൽ രൂപീകരിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിനുകീഴിൽ പ്രവർത്തിച്ചിരുന്ന അളവുതൂക്ക വകുപ്പിനെ ഉപഭോക്തൃ കാര്യ വകുപ്പിന് കീഴിൽ കൊണ്ടുവന്നു. സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ ഒരു ഉപഭോക്തൃ കാര്യസെൽ പ്രവർത്തിച്ചുവരുന്നു. ഉപഭോക്താക്കളുടെ പൊതുവായ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാര നിർദ്ദേശങ്ങൾക്കായി സംസ്ഥാനതലത്തിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ചെയർമാനായി സംസ്ഥാന കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ചിട്ടുള്ള ജില്ലാ കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലുകൾ പുനഃസംഘടിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ഉപഭോക്താക്കളുടെ പരാതികൾക്ക് തർക്ക പരിഹാര ഫോറങ്ങൾക്ക് പുറത്ത് പരിഹാരം കാണുന്നതിനുമായി 1800 425 1550 എന്ന ടോൾ ഫ്രീ ടെലിഫോൺ നമ്പറിൽ ഒരു കൺസ്യൂമർ ഹെൽപ്പ്ലൈൻ പ്രവർത്തിച്ചുവരുന്നു. ഉപഭോക്തൃ സംരക്ഷണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി വകുപ്പ് വ്യാപാര, വ്യവസായ, വാണിജ്യ, സർവ്വീസ് മേഖലകളിൽ ഉപയോഗിക്കുന്ന അളവ്തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പുവരുത്തുകയും അളവുതൂക്ക നിയമങ്ങളുടെ ലംഘനവും പായ്ക്കറ്റുകളിൽ വിൽക്കുന്ന സാധനങ്ങളുടെ വിൽപ്പന സംബന്ധിച്ച നിയമങ്ങളുടെ ലംഘനവും കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. ഉപഭോക്തൃ സംരക്ഷണ രംഗത്ത് പ്രവർത്തിച്ചുവരുന്ന സന്നദ്ധ ഉപഭോക്തൃ സംഘടനകൾക്ക് ധനസഹായം നൽകുക, ഉപഭോക്തൃ അവബോധ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംസ്ഥാന ഉപഭോക്തൃ ക്ഷേമനിധി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ ജില്ലാ നിലവാരത്തിൽ ഉപഭോക്താക്കളെ പങ്കെടുപ്പിച്ചുകൊണ്ട് അദാലത്തുകൾ സംഘടിപ്പിച്ച് പരിഹാരം കാണാറുണ്ട്.

(ബി) ഇലക്ട്രോണിക് വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ, ആധുനിക ഇലക്ട്രോണിക് മെഷീനുകൾ എന്നിവ വാങ്ങി ഉപയോഗിച്ച് വരുന്നു. കൂടാതെ പുതുതായി ഓഫീസ് കെട്ടിടങ്ങളും ലബോറട്ടറികളും പണികഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ, തൃശൂർ ജില്ലയിലെ ഓഫീസ് പുതിയ മന്ദിരത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ഒരു മാസം ശരാശരി 295 അളവുതൂക്ക സംബന്ധമായ കേസ്സുകൾ കണ്ടെത്തുന്നു.

(ഡി) ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് ബോധവത്ക്കരണം നടത്തിവരുന്നു. ഉപഭോക്തൃ ദിനങ്ങൾ ആചരിക്കുക, സെമിനാറുകൾ,

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചാ ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കുക, ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഉപഭോക്താക്കളുടെ അവകാശങ്ങൾ വ്യക്തമാക്കുന്ന പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനും ഹ്രസ്വചിത്രങ്ങൾ നിർമ്മിച്ച് വിവിധ ചാനലുകളിൽ പ്രദർശിപ്പിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വളർന്നുവരുന്ന തലമുറയിൽ ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ചും ഉപഭോക്തൃ സംരക്ഷണ നിയമങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് തെരഞ്ഞെടുത്ത 100 സ്കൂളുകളിൽ കൺസ്യൂമർ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഉപഭോക്തൃ കാര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലേയ്ക്കായി www.consumeraffairskerala.gov.in എന്ന വെബ്സൈറ്റ് നിലവിലുണ്ട്. ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങളിൽ സന്നദ്ധ ഉപഭോക്തൃ സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുക, ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങൾ നേരിട്ട് നടത്തുക, ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ ഉപഭോക്തൃ ക്ഷേമനിധി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. അതിലൂടെ ഉപഭോക്തൃ ബോധവത്ക്കരണം കൂടുതൽ കാര്യക്ഷമമാക്കുവാനും കഴിയുന്നുണ്ട്. ക്ഷേമനിധിയിൽനിന്നുള്ള ധനസഹായം ഉപയോഗിച്ച് ലഘുലേഖകൾ, പാംപ്ലെറ്റുകൾ, പോസ്റ്ററുകൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്യുകയും ചാനലുകളിൽ ഡോക്യുമെന്ററി പ്രദർശിപ്പിക്കുകയും ചെയ്തുകൊണ്ട് ഉപഭോക്താക്കളെ ബോധവത്ക്കരിക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നുണ്ട്.

(ഇ) ഉണ്ട്. സംസ്ഥാന കമ്മീഷനിലും ജില്ലാ ഫോറങ്ങളിലുമുണ്ടായിരുന്ന പ്രസിഡന്റുമാരുടെയും മെമ്പർമാരുടെയും ഒഴിവുകൾ നികത്തി അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി. സ്വന്തമായി കെട്ടിടങ്ങളില്ലാത്ത ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾക്കായി സ്വന്തം കെട്ടിടങ്ങളുടെ നിർമ്മാണം വിവിധ ജില്ലകളിൽ പൂർത്തിയായി വരുന്നു. ആലപ്പുഴ, തൃശ്ശൂർ, വയനാട് എന്നീ ജില്ലാ ഫോറങ്ങൾ ഇതിനകംതന്നെ സ്വന്തം കെട്ടിടങ്ങളിലേയ്ക്ക് മാറിയിട്ടുണ്ട്.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഉപഭോക്തൃ സംരക്ഷണം ഉറപ്പു വരുത്താൻ നിരവധി നടപടികളെടുത്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അഭിനന്ദനങ്ങൾ. പക്ഷേ ഇപ്പോഴും പല ജില്ലകളിലും ഒട്ടനവധി കേസ്സുകൾ തീർപ്പാകാതെ കിടക്കുന്നുണ്ട്. അതിനാൽ കേസ്സുകൾ അധികമുള്ള ജില്ലകളിലെങ്കിലും അഡീഷണൽ ബെഞ്ച് തുടങ്ങി അടിയന്തിരമായി കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ ?

ശ്രീ. സി. ദിവാകരൻ : സർ, തീർച്ചയായും. കേസ്സുകൾ കെട്ടിക്കിടക്കുന്നത് തീർപ്പാക്കാൻവേണ്ടി ജില്ലാ നിലവാരത്തിൽ അദാലത്തുകൾ വിപുലമായി സംഘടിപ്പിക്കുന്നുണ്ട്. ഈ പുതിയ സംവിധാനത്തിന്റെ സാമ്പത്തിക ബാധ്യതയെല്ലാംകൂടി പരിശോധിച്ചാൽ മാത്രമേ ഇതിലൊരു തീരുമാനമെടുക്കാൻ ഗവൺമെന്റിന് കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, സാധാരണക്കാർക്ക് നീതി ലഭിക്കുവാൻ വേണ്ടിയാണ് ഉപഭോക്തൃ സംവിധാനം കൂടുതൽ വിപുലീകരിക്കുന്നത്. വൻകിടകമ്പനികൾ കൂടുതൽ പണം ചെലവ് ചെയ്ത് വലിയ വക്കീലൻമാരെ വച്ച് കേസ്സ് നടത്തുമ്പോൾ സാധാരണക്കാർക്ക് നീതി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കഴിയുമോ ; എങ്ങനെയാണ് അത് ഉറപ്പാക്കാൻ കഴിയുക ?

ശ്രീ. സി. ദിവാകരൻ : സർ, ഉപഭോക്തൃ ഫോറത്തിൽ കോടതിയിൽ ഹാജരാകാൻ വക്കീലിന്റെ ആവശ്യമില്ല. വേണമെങ്കിൽ വക്കീലിന്റെ സേവനം ഉപയോഗിക്കാമെന്നേയുള്ളു. ഏതൊരു പൗരനും ഒരു പ്ലെയിൻ പേപ്പറിൽ തന്റെ പരാതി എഴുതി സമർപ്പിക്കാം, അതിനുവേണ്ടി വാദിക്കാം. അതിനെല്ലാം സ്വാതന്ത്ര്യമുണ്ട്. വേണമെങ്കിൽ ഒരു അഭിഭാഷകന്റെ സഹായം ഉപയോഗിക്കാം. ഇപ്പോൾ ഫ്രീ ലീഗൽ എയ്ഡ് സംവിധാനങ്ങളൊക്കെയുണ്ട്. അവരുടെ സഹായം ഉപയോഗിക്കാൻ കഴിയുന്നതാണ്.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : സർ, അമ്മയുടെ മുലപ്പാലിൽ പോലും മായം കലരുന്ന ഇക്കാലത്ത് സ്വർണ്ണാഭരണങ്ങളിലെ മായം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ ; ഇല്ലെങ്കിൽ ഇത്തരം സംവിധാനം ഏർപ്പെടുത്തുമോ ?

ശ്രീ. സി. ദിവാകരൻ : സർ, സ്വർണ്ണാഭരണങ്ങൾ പരിശോധിക്കുന്നത് ബി.ഐ.എസ്. എന്ന കേന്ദ്ര ഏജൻസി ലൈസൻസുള്ള ലബോറട്ടറിയാണ്. കേരളത്തിൽ നിരവധി സ്വകാര്യ ലബോറട്ടറികൾ ഇത് പരിശോധിക്കുന്നുണ്ട്. ലീഗൽ മെട്രോളജിക്ക് കാക്കനാട് ഒരു ലബോറട്ടറിയാണുള്ളത്. അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഒരു ലബോറട്ടറികൂടി വീണ്ടും ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. പി. വിശ്വൻ : സർ, അടുത്ത ഭാവിയിൽ ഉപഭോക്താക്കളെ നിയന്ത്രിക്കുന്നത് പരസ്യങ്ങളായിരിക്കും സ്വർണ്ണാഭരണങ്ങൾ ഉൾപ്പടെയുള്ളവയുടെ ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ പത്ര മാധ്യമങ്ങളിലൂടെയും ചാനലുകളിലൂടെയും വലിയ രൂപത്തിൽ വന്നുകൊണ്ടിരിക്കുകയാണ്. ഉപഭോക്താക്കളെ വ്യാപകമായി തെറ്റിദ്ധരിപ്പിക്കുന്ന, കബളിപ്പിക്കുന്ന ഇത്തരം പരസ്യങ്ങൾക്കെതിരെ നടപടിയെടുക്കാൻ സർക്കാർ തയ്യാറാകുമോ ; ഇടപെടുമോ ?

ശ്രീ. സി. ദിവാകരൻ : സർ, പരസ്യ കമ്പനികളെ നിയന്ത്രിക്കാനോ പരസ്യങ്ങളെ നിയന്ത്രിക്കാനോ വ്യവസ്ഥാപിത നിയമങ്ങളൊന്നും രാജ്യത്ത് ഇല്ല. ഓരോ കമ്പനികൾ അവരുടെ പ്രോഡക്ട് വിറ്റഴിക്കാൻവേണ്ടി ആധുനികമായ എല്ലാ പരസ്യ സംവിധാനങ്ങളും ഉപയോഗിക്കുന്നു. ജനങ്ങളെ ബോധവത്ക്കരിക്കുകയും സ്വയം നിയന്ത്രിക്കുകയും ചെയ്യുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

ശ്രീ. വി. ശശികുമാർ : സർ, സ്വർണ്ണത്തിൽ മായം ചേർക്കൽ മാത്രമല്ല, വാർത്തകളിലും മായം ചേർക്കുന്ന ഒരു പ്രവണത ശക്തിപ്പെട്ടിട്ടുണ്ട്. പെയ്ഡ് ന്യൂസ് എന്നാണ് ഇതിന് പറയുക. ഇങ്ങനെ വഞ്ചിക്കപ്പെടുന്ന ഉപഭോക്താക്കൾക്ക്, വാർത്തകളിലൂടെ മായം ചേർക്കുന്നവരെ ശിക്ഷിക്കാൻ നിയമമുണ്ടോ ; അതിന് പര്യാപ്തമായ നിയമനിർമ്മാണം നടത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ദിവാകരൻ : സർ, വളരെ പ്രയാസമുള്ള ഒരു ചോദ്യമാണ് മെമ്പർ ചോദിച്ചത്. വാർത്തകളിൽ മായം ചേർക്കുന്നുണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ അത് എങ്ങനെ കണ്ടുപിടിക്കും ? അതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. വാർത്താമാധ്യമങ്ങൾക്കുമേൽ ഒന്നുംചെയ്യാൻ നിവൃത്തിയില്ലാത്ത സാഹചര്യമാണ്. നമ്മൾ സ്വയം നിയന്ത്രിക്കുക, ഉപഭോക്താക്കളെ ബോധവത്ക്കരിക്കുക എന്നുള്ളത് മാത്രമേ ചെയ്യാൻ കഴിയൂ.

ശ്രീ. ജി. കാർത്തികേയൻ : സർ, മനുഷ്യനെ വല്ലാതെ സ്വാധീനിക്കുന്ന പരസ്യങ്ങൾ ഉപഭോക്തൃ സംരക്ഷണത്തിൽ പ്രധാനപ്പെട്ട ഒരു വിഷയമാണ്. മലയാളത്തിലെ ഒരു മഹാനടൻ രാവിലെ 'ഏറ്റവും പരിശുദ്ധമായ സ്വർണ്ണം കിട്ടുന്ന ഒരു കടയുടെ പേര് പറയുകയും' വൈകുന്നേരം ഇതേ നടൻ, 'കയ്യിൽ പൈസയില്ലേ, പേടിക്കേണ്ട സ്വർണ്ണം പണയംവയ്ക്കാൻ ഏറ്റവും നല്ല സ്ഥാപനം ഇതാണ്' എന്ന് പറയുകയും ചെയ്യുന്ന പരസ്യം നാം നിത്യവും കാണുന്നുണ്ട്. രാവിലെ സ്വർണ്ണം വാങ്ങാൻ പറയുകയും വൈകുന്നേരം സ്വർണ്ണം പണയം വയ്ക്കാൻ പറയുകയും ചെയ്യുന്ന ഈ നടനെത്തന്നെയാണ് കേരള സംസ്ഥാനം പല പരസ്യത്തിനും ഉപയോഗിക്കുന്നത് എന്നുള്ളതാണ് വേറൊരു കാര്യം. അങ്ങ് നേരത്തെ പറഞ്ഞു, നിയമം ഇല്ലെന്ന്. നിയമം ഇല്ലെങ്കിലും നമുക്ക് ആലോചിക്കാൻ കഴിയില്ലേ ? ആളുകളെ വല്ലാതെ വഴിതെറ്റിക്കുന്ന, കേരളീയ സമൂഹത്തെ വല്ലാതെ നശിപ്പിക്കുന്ന ഈ പരസ്യങ്ങൾക്കെതിരായി ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ കഴിയുമോ ?

ശ്രീ. സി. ദിവാകരൻ : സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ഗൗരവമായി നമ്മുടെ സാംസ്ക്കാരിക ലോകംതന്നെ ആലോചിക്കേണ്ട വിഷയമാണ്. ജനങ്ങൾ ആരാധിക്കുന്ന ആളുകളാണ് ഇത്തരം കാര്യങ്ങൾക്ക് വരുന്നത്. ഇത് മുഖ്യമന്ത്രിതന്നെ ഒരിക്കൽ സൂചിപ്പിച്ചപ്പോൾ ആ തെറ്റ് ഞാൻ തിരുത്തുകയാണെന്ന് പറഞ്ഞ വേറൊരു സിനിമാനടനും ഉണ്ട്. ഇതൊക്കെ അവർ സ്വയം ആലോചിക്കേണ്ടതാണ്. സഭയിൽ വന്ന ഈ വാർത്ത ബന്ധപ്പെട്ടവർ അറിയട്ടെ, അവർ സ്വയം തിരുത്തട്ടെ എന്നുള്ളതല്ലാതെ വേറൊന്നും ചെയ്യാൻ കഴിയില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, കേരളത്തിലെ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റേയും മാർക്കറ്റ്ഫെഡ്ഡിന്റേയും ഷോപ്പുകളിൽ റെയ്ഡ് നടത്തുകയും അതിൽ മായം കണ്ടെത്തുകയും ചെയ്തുവെന്ന് പത്രങ്ങളിൽ വലിയ വാർത്തവന്നു. ഇത് ബോധപൂർവ്വം കേരളത്തിലെ കൺസ്യൂമർഫെഡ്ഡിന്റേയും മാർക്കറ്റ്ഫെഡ്ഡിന്റേയും സപ്ലൈകോയുടേയും സ്വീകാര്യത തകർക്കാനുള്ള കാര്യമാണോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ? അതോടൊപ്പം ബിഗ്ബസാർ, റിലയൻസ് പോലെയുള്ള സ്ഥാപനങ്ങളിൽ വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്ന ഉത്പന്നങ്ങൾ നല്ല സാധനങ്ങളാണോയെന്ന് പരിശോധിക്കാൻ വിജിലൻസിനെക്കൊണ്ട് റെയ്ഡ് നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ദിവാകരൻ : സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതുകൊണ്ട് അതിൽ എന്തെങ്കിലും പുതിയ പ്രസ്താവന നടത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ തെറ്റിദ്ധാരണ വന്നിട്ടുണ്ട്. പരിപ്പിലാണ് മായം ചേർത്തിരിക്കുന്നത്. പക്ഷേ ചെറുപയർ എന്നാണ് പ്രസ്താവന നടക്കുന്നത്. ഇത്രയുമേ ഇപ്പോൾ പറയാനുള്ളു. ബാക്കിയെല്ലാം കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഇവിടെ സൂചിപ്പിച്ചത് വളരെ ഗുരുതരമായ പ്രശ്നമാണ്. അങ്ങ് ഈ പ്രശ്നം ഹൈക്കോടതിയുടെ മുമ്പിലാണെന്ന് പറഞ്ഞു. സപ്ലൈകോയുടെ വിവിധ ഡിപ്പോകളിൽ വിതരണം ചെയ്യാൻവേണ്ടി വാങ്ങിയ സാധനങ്ങളിൽ മായമുണ്ടെന്നും പുഴുക്കളും കീടങ്ങളുമുണ്ടെന്നും പഞ്ചസാരയിൽ മധുരം കൂടുതൽ കിട്ടാൻ രാസപദാർത്ഥങ്ങളും മറ്റ് വിഷാംശങ്ങളും ചേർത്തിട്ടുണ്ടെന്നുമുള്ളത് വളരെ ഗുരുതരമായ കുറ്റമാണെന്ന് പറഞ്ഞു. വിജിലൻസ് അന്വേഷണം നടത്തി ഇത്തരം കമ്പനികളെ കരിമ്പട്ടികയിൽ പെടുത്തണമെന്നും അവർക്കുള്ള തുക നൽകരുതെന്നും പറഞ്ഞിട്ടുണ്ട്. അങ്ങ് കോടതിയുടെ കാര്യം പറഞ്ഞ് ഇതിൽനിന്ന് ഒഴിഞ്ഞുമാറുന്നത് ശരിയല്ല. .....

ശ്രീ. സി. ദിവാകരൻ : സർ, ഇതിൽ പ്രാഥമദൃഷ്ട്യാ വീഴ്ച വരുത്തിയ അഞ്ച് ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുത്തു. ഒരാളെ പിരിച്ചുവിട്ടു. തുടർനടപടികൾക്കുവേണ്ടി ആലോചിച്ചപ്പോഴാണ് കോടതിയുടെ നിർദ്ദേശം കിട്ടിയത്. കോടതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ അന്വേഷണം നടത്തും. അത്തരം കമ്പനികളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നുണ്ട് ; അവരുടെ ഡിപ്പോസിറ്റ് ഫോർഫീറ്റ് ചെയ്യുന്നുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ. പരസ്യങ്ങളിൽ നിരന്തരമായി വന്നുകൊണ്ടിരിക്കുന്ന കാര്യമാണ് മെഴിയാനുള്ള തൈലത്തിന്റെയും മറ്റുചില എണ്ണകളുടേയും പരസ്യങ്ങൾ. യഥാർത്ഥ വസ്തുതയുമായി യാതൊരു ബന്ധവുമില്ലാത്ത ഇത്തരം തൈലങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. ദിവാകരൻ : സർ, ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം കേരളത്തിൽ നിലവിലുണ്ട്. ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ ഹെൽത്ത് ഇൻസ്പെക്ടർമാരാണ് ഇത് പരിശോധിക്കേണ്ടത്. കേരളത്തിലെ എല്ലാ ഡിപ്പോകളും പരിശോധിച്ച് സർട്ടിഫൈ ചെയ്യണമെന്ന് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് ഹെൽത്ത് ഡിപ്പാർട്ടുമെന്റിന് എഴുതിയിട്ടുണ്ട്. ആ നടപടി നടന്നുകൊണ്ടിരിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)